(സി) ഇല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നതേയുള്ളു.

(ഡി) പണി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുവാൻ സാധിക്കുകയില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

1020 [1635] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കേരളത്തിൽ നടപ്പാക്കാൻ ഉതകുന്ന ഒരു പദ്ധതിക്കാവശ്യമായ റിപ്പോർട്ടിന്, ഇക്കാര്യത്തിൽ വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ ഗവൺമെൻറ് നടപടി എടുക്കുമോ?

ഉത്തരം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വിദ്യാലയഘട്ടത്തിൽ പ്രാവർത്തികമാക്കുവാൻ ആവശ്യമായ പാഠ്യപദ്ധതിയും മാർഗ്ഗ നിർദ്ദേശങ്ങളും തയ്യാറാക്കുവാൻ ഒരു വിദഗ്ദ്ധസമിതി ഏർപ്പെടുത്തുവാൻ ആലോചന നടന്നുവരികയാണ്.

കോളേജ് ഘട്ടത്തിൽ പ്രീഡിഗ്രി തലത്തിൽ ഇതിനെപ്പറ്റി പഠനം നടത്തുവാൻ വിദ്യാഭ്യാസ ഡയറക്ടർ (ഡി. പി. ഐ.) ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറ് പരിഗണിക്കുകയും സംസ്ഥാനത്ത് ആറുജില്ലകളിൽ പൊക്കേഷനൽ സർവ്വേ നടത്തുന്നതിന് ഡയറക്ടർ, ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ചെയർമാനായി വേറൊരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

Munnar as a Tourist Centre

1021 [1637] **Shri. N. Kittappa Narayanaswamy:** Will the Minister for Education be pleased to State:

(a) Will the reason for not taking into consideration the demand for making Munnar which abounds in natural beauty as a Tourist Centre be stated;

(b) Even if anything stands in the way, will the Government take immediate steps to make Munnar as a Tourist Centre giving due consideration to its importance?

Answer

(a & b) Munnar is already treated as a Tourist Centre.

അംഗീകൃത കമേഴ്സ്യൽ ആൻഡ് ഇൻഡസ്ട്രീയൽ സ്കൂൾ

1022 [1638] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എത്ര അംഗീകൃത കമേഴ്സ്യൽ ആൻഡ് ഇൻഡസ്ട്രിയൽ സ്കൂളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly